**കേരള സർക്കാർ**
**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**ജില്ല ഇൻഫർമേഷൻ ഓഫീസ്, ആലപ്പുഴ-688 001**
**ഫോൺ: 0477-2251349; ഇ-മെയിൽ: prdalppy@gmail.com,**
**വെബ്സൈറ്റ്: www.prd.kerala.gov.in**

---

**പത്രക്കുറിപ്പ് 'ഭരണഭാഷ-മാതൃഭാഷ' 2019 മെയ് 09 വ്യാഴം**

---

# 680 വീടുകളുടെ വയറിങ് സാമഗ്രികൾ ലെഗ്രാന്റ് കമ്പനി നൽകുന്നു

ആലപ്പുഴ: ജില്ലയിൽ പ്രളയത്തിൽ പൂർണമായി തകർന്ന വീടുകളുടെ പുനഃനിർമാണത്തിന് വയറിങ് സാമഗ്രികൾ ലെഗ്രാന്റ് കമ്പനി നൽകും. 680 വീടുകളുടെ വയറിങ് സാമഗ്രികളാണ് ജില്ലയിലെ ലൈഫ്-റീബിൽഡ് ഭവനനിർമാണ് കേന്ദ്രങ്ങളിൽ കമ്പനി എത്തിച്ചുനൽകുന്നത്. ഈ ഹബ്ബുകൾ മുഖേന തിരഞ്ഞെടുത്ത 680 ഗുണഭോക്താക്കൾക്ക് സാധനസാമഗ്രികൾ നിർമാണ് പുരോഗതിക്കനുസരിച്ച് വിതരണം ചെയ്യും. വിതരണത്തിന്റെ ജില്ലാ തല ഉദ്ഘാടനം മെയ് 10ന് രാവിലെ 10.30ന് ജില്ലാ കളക്ടർ എസ്.സുഹാസ് വെളിയനാട് ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ നിർവഹിക്കും.

# പുന്നപ്ര എം.ആർ.എസ്; പ്ലസ് വൺ പ്രവേശനം

ആലപ്പുഴ: പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ പുന്നപ്ര വടക്ക് പഞ്ചായത്തിൽ വാടയ്ക്കലിൽ ഡോ. അംബേദ്കർ മെമ്മോറിയൽ ഗവ. മോഡൽ റസിഡൻഷ്യൽ സ്കൂളിലേക്ക് 2019-20 അദ്ധ്യായന വർഷത്തേക്ക് പ്ലസ് വൺ പ്രവേശനത്തിനുള്ള അപേക്ഷ ക്ഷണിച്ചു. അപേക്ഷ വാങ്ങി പൂരിപ്പിച്ച് ജാതി, വരുമാനം, യോഗ്യത പരീക്ഷയുടെ മാർക്ക് ലിസ്റ്റ്, എന്നിവയുടെ പകർപ്പിനോപ്പം മെയ് 25 ന് വൈകുന്നേരം 5 മണിക്കകം സീനിയർ സൂപ്രണ്ട്, ഡോ. അംബേദ്കർ മെമ്മോറിയൽ ഗവ. മോഡൽ റസിഡൻഷ്യൽ സ്കൂൾ, വാടയ്ക്കൽ പി.ഒ, ആലപ്പുഴ എന്ന വിലാസത്തിൽ ലഭിക്കണം. പെൺകുട്ടികൾക്ക് സയൻസ് ബാച്ചിലേക്കാണ് പ്രവേശനം . കൂടാതെ രണ്ടാം ഭാഷയായി മലയാളം ആണ് പഠിക്കേണ്ടത്. ആകെയുള്ള സീറ്റുകളിൽ 60 ശതമാനം പട്ടികജാതിക്കാർക്കും 30 ശതമാനം പട്ടികവർഗ്ഗക്കാർക്കും 10 ശതമാനം മറ്റിതര വിഭാഗത്തിനുമായി നീക്കിവെച്ചിരുക്കുന്നു. അപേക്ഷകന്റെ കുടുംബ വാർഷിക വരുമാനം 1,00,000 രൂപയിൽ കവിയാൻ പാടില്ലാത്തതാണ്. പ്രവേശനത്തിന് യോഗ്യത നേടുന്നവർക്ക് വിദ്യാഭ്യാസം, വസ്ത്രം, ഭക്ഷണം, താമസസൗകര്യം എന്നിവ സർക്കാർ ചെലവിൽ നൽകുന്നതാണ്. ഫോൺ നമ്പർ : 0477 2268442, 0477 2268018.

# മത്സ്യത്തൊഴിലാളികൾ ശ്രദ്ധിക്കണം

ആലപ്പുഴ:കടൽ ക്ഷോഭിക്കാൻ സാധ്യതയുള്ളതിനാൽ മെയ് 11ന് ഉച്ച വരെ മത്സ്യത്തൊഴിലാളികൾ കടലിൽ ഇറങ്ങുന്നത് ഒഴിവാക്കണമെന്ന് കാലാവസ്ഥാ കേന്ദ്രം

അറിയിച്ചു.

# മഴക്കാലജന്യ രോഗങ്ങൾക്കെതിരെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കും

ആലപ്പുഴ: മഴക്കാലത്തിനു മുന്നോടിയായി ജില്ലയിൽ പടർന്നു പിടിക്കാൻ സാധ്യതയുള്ള മഴക്കാലജന്യ രോഗങ്ങങ്ങളെ പ്രതിരോധിക്കാനുള്ള നടപടികൾ ചർച്ച ചെയ്യുന്നതിനായി ജില്ലാ തല ആരോഗ്യ ജാഗ്രതാ യോഗം ചേർന്നു .ജില്ലാ ആരോഗ്യ വകുപ്പിന്റെ ആഭിമുഖ്യത്തിലാണ് യോഗം വിളിച്ചത്. മഴക്കാലത്തു സാധാരണമായി പടർന്നു പിടിക്കുന്ന എലിപ്പനി ,ഡെങ്കു തുടങ്ങിയ രോഗങ്ങളെ പ്രതിരോധിക്കാൻ വിവിധ വകുപ്പുകളുടെ ഏകോപനം ഉറപ്പു വരുത്തണമെന്ന് യോഗം നിർദ്ദേശിച്ചു. ഇതിനായി ഈ മാസം 11,12 തീയതികളിൽ വാർഡ് തല ശുചീകരണ പ്രവർത്തനങ്ങൾ നടത്താനും യോഗം ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശം നൽകി .തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ മറ്റു വകുപ്പുകളെ ഏകോപിപ്പിച്ച് വാർഡ് തലത്തിൽ ശുചീകരണ പ്രവർത്തനങ്ങൾ ഉറപ്പാക്കും.സർക്കാർ ഓഫീസുകൾ ,സ്കൂളുകൾ എന്നിവയും പരിസര പ്രദേശങ്ങളിലും കൃത്യമായ പദ്ധതിയുണ്ടാക്കി രോഗങ്ങളെ പ്രതിരോധിക്കുന്നതിന് ശുചീകരണ പ്രവർത്തനങ്ങൾ നടത്തണം. കൊതുകുകൾ പെരുകുന്നത് വെള്ളം കെട്ടി നിൽക്കാനിടയുള്ള പ്രദേശങ്ങൾ ശുചീകരിച്ചുകൊണ്ട് ഒഴിവാക്കണം .വിവിധ പ്രദേശങ്ങൾ കേന്ദ്രീകരിച്ചു രോഗ പ്രതിരോധത്തിനായി മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കാനും യോഗത്തിൽ തീരുമാനമായി .എ .ഡി .എം അബ്ദുൾ സലാമിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ജില്ലാ മെഡിക്കൽ ഓഫീസർ ഡോ :എൽ അനിതകുമാരി ,ജില്ലാ സർവേയിലെൻസ് ഓഫീസർ ഡോ :ജമുന വർഗീസ്,ശുചിത്വ മിഷൻ ജില്ലാ കോർഡിനേറ്റർ ബിൻസി തോമസ് , വിവിധ വകുപ്പുകളുടെ പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു .

# വിദ്യാഭ്യാസ ആനുകൂല്യത്തിന് അക്കൗണ്ടുകൾ പ്രവർത്തനക്ഷമമാക്കണം

ആലപ്പുഴ: സംസ്ഥാനത്തെ എല്ലാ സർക്കാർ/എയ്ഡഡ്/അൺ എയ്ഡഡ്/അംഗീകൃത സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ സ്കൂളുകളിൽ 1 മുതൽ 10 വരെ ക്ലാസുകളിൽ പഠിക്കുന്ന ഒ ഇ സി വിഭാഗം വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസാനുകൂല്യം നടപ്പു വർഷം മുതൽ വിദ്യാർത്ഥികളുടെ ബാങ്ക് അക്കൌണ്ടുകളിലേക്ക് നേരിട്ട് ട്രാൻസ്ഫർ ചെയ്യുന്നു. ഒ ഇ സി വിദ്യാഭ്യാസാനുകൂല്യത്തിന് അർഹരായ വിദ്യാർത്ഥികൾ മെയ്യ് 31 നകം അവരവരുടെയും, രക്ഷിതാവിന്റേയും പേരിലുള്ള ജോയിന്റ് ബാങ്ക് അക്കൌണ്ടുകൾ ആരംഭിക്കേണ്ടതാണ്.നിലവിൽ ബാങ്ക് അക്കൌണ്ടുകൾ ഉള്ള വിദ്യാർത്ഥികൾ ബാങ്കുമായി ബന്ധപ്പെട്ട് ആയത് സജീവമാണെന്ന് ഉറപ്പാക്കേണ്ടതാണ്.

# സർക്കാരിന്റെ മികച്ച നഴ്സിനുള്ള സംസ്ഥാന പുരസ്കാരം ബി.വത്സലകുമാരിക്ക്

ചെങ്ങന്നൂർ: സംസ്ഥാന സർക്കാരിന്റെ മികച്ച നഴ്സിനുള്ള സംസ്ഥാന പുരസ്കാരം പബ്ളിക് ഹെൽത്ത് നഴ്സിംങ്ങ് സൂപ്പർവൈസർ ബി. വത്സലകുമാരിക്ക് ലഭിച്ചു. സമാനതകളില്ലാത്ത പ്രളയം കഴിഞ്ഞ ആഗസ്റ്റ് മാസത്തിലുണ്ടായപ്പോൾ, ആ സമയത്ത് കുട്ടികൾക്കും ഗർഭിണികൾക്കും നൽകിയ പ്രതിരോധ പ്രവർത്തനങ്ങൾക്കും മികച്ച സേവനത്തിനും ആണ് വത്സലകുമാരിയ്ക്ക് ഈ പുരസ്കാരം ലഭിച്ചത്.മലപ്പുറം, തിരുവനന്തപുരം, എറണാകുളം ,ആലപ്പുഴ എന്നീ ജില്ലകളിൽ 34 വർഷമായി സേവനം നടത്തിയിട്ടുള്ള വത്സലകുമാരി ഇപ്പോൾ ചെങ്ങന്നൂരിലെ പാണ്ടനാട് സാമൂഹ്യ ആരോഗ്യ കേന്ദ്രത്തിൽ നഴ്സിംങ്ങ് സൂപ്പർവൈസർ ആയി സേവനം അനുഷ്ഠിക്കുന്നു. ചെങ്ങന്നൂർ ബ്ലോക്കിലെ 9 പഞ്ചായത്തുകളുടേയും ഒരു നഗരസഭയുടേയും പരിധിയിൽ വരുന്ന കമ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ മേൽനോട്ടം വഹിക്കുന്നു.മുതുകുളത്ത് ആര്യ നിവാസിൽ സി.മോഹനൻ നായരുടെ (റിട്ട: സൂപ്രണ്ട് കായംകുളം എം എസ് എം കോളേജ്) ഭാര്യയാണ്. മകൾ ആര്യ എം. നായർ വിദേശത്ത്.

(ചിത്രമുണ്ട്)

# കൺസ്യൂമർ ഫെഡിന്റെ ത്രിവേണി സ്കൂൾ മാർക്കറ്റ് തുറന്നു

മാവേലിക്കര: കൺസ്യൂമർ ഫെഡിന്റെ ആഭിമുഖ്യത്തിൽ ആരംഭിക്കുന്ന ത്രിവേണി സ്കൂൾ മാർക്കറ്റിന്റെ ജില്ലാതല ഉദ്ഘാടനം ഭരണിക്കാവ് സർവ്വീസ് സഹകരണ ബാങ്കിൽ നടന്നു. ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് രജനി ജയദേവ് , കേരള സ്റ്റേറ്റ് കൺസ്യൂമർ ഫെഡ് ഡയറക്ടർ ബോർഡംഗം കെ മധുസൂദനൻ , ഭരണിക്കാവ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പ്രൊഫ. വി വാസുദേവൻ, ജില്ലാ പഞ്ചായത്ത് അംഗം സുമ, സുരേഷ് മാധവൻ, കുഞ്ഞുമോൾ റെജി, ഉണ്ണികൃഷ്ണപിള്ള, അനിൽ സക്കറിയ, സി ദിവാകരൻ, ആർ ഗംഗാധരൻ, ജി രമേശ് കുമാർ, എസ് ജ്യോതികുമാർ, എ എം ഹാഷിർ, നിഷ കെ സാം, കെ രാജപ്പൻ, എ മുരളി, സിബി വർഗ്ഗീസ്, ബി വിശ്വനാഥൻ, കെ ഇ നാരായണൻ, എസ് രവീന്ദ്രൻ നായർ, വിമൽ ടി എസ് എന്നിവർ സംസാരിച്ചു. ഭരണിക്കാവ് സർവ്വീസ് സഹകരണ ബാങ്ക് പ്രസിഡന്റ് കോശി അലക്സ് സ്വാഗതവും സെക്രട്ടറി കെ എസ് ജയപ്രകാശ് നന്ദിയും പറഞ്ഞു.